| ക്ലാസ്സ് 9 |
|---|

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
## Second Semester Examination 2024-25

| |
|---|
| ആകെ മാർക്ക് : 80 |
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം : 2 മണിക്കൂർ |

### പാർട്ട് 1

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** 15×1=15

1. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനമനുസരിച്ച് ദൈവരാജ്യത്തിന്റെ മഹത്തായ ഒരടയാളമേത്?
(സന്യാസജീവിതം, സഭാജീവിതം, കൂദാശജീവിതം)

2. പുനരുത്ഥാനത്തിലൂടെ ഈശോ നേടിയ പുതുജീവനിൽ പങ്കുചേരാനും അതിൽ സന്തോഷിക്കാനുമുള്ള കാലമേത്?
(നോമ്പുകാലം, ഉയിർപ്പുകാലം, പിറവിക്കാലം)

3. ദമ്പതികളുടെ അലൗകിക സ്നേഹത്തിന് ദൈവം നൽകുന്ന അനർഘ സമ്മാനമെന്ത്?
(സമ്പത്ത്, വിശ്വസ്തത, മക്കൾ)

4. തിരുപ്പട്ട ശുശ്രൂഷയിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമേത്?
(മുടി മുറിക്കൽ, കൈവയ്പു പ്രാർത്ഥന, തിരുവസ്ത്രം ധരിപ്പിക്കൽ)

5. സത്പ്രവൃത്തികളുടെ തുടക്കം ദുഷ്പ്രവൃത്തികളുടെ ഏറ്റുപറച്ചിലാണ് എന്നു പഠിപ്പിച്ച വിശുദ്ധൻ?
(വി. തോമസ് അക്വീനാസ്, വി. ഫ്രാൻസിസ് സേവ്യർ, വി. അഗസ്തീനോസ്)

6. മിശിഹായെന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്ത്?
(അഭിഷിക്തൻ, പ്രേഷിതൻ, മുൻപിൽ വയ്ക്കപ്പെട്ടവൻ)

7. പരിശുദ്ധാത്മാവിനെ നമുക്ക് പ്രദാനം ചെയ്യുന്ന രക്ഷാകര അടയാളങ്ങളേത്?
(പ്രാർത്ഥനകൾ, കൂദാശകൾ, ആരാധന)

8. ആരാധനക്രമവത്സരത്തിലെ അവസാനത്തെ നാലാഴ്ചകൾ ചേരുന്ന കാലമേത്?
(നോമ്പുകാലം, മംഗളവാർത്തക്കാലം, പള്ളിക്കൂദാശക്കാലം)

9. “സമർപ്പിത ജീവിതം സഭയുടെ ഹൃദയത്തിൽ തന്നെയുള്ള ഒന്നാണ്.” ആരുടെ വാക്കുകൾ?
(വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ, വി. ലെയോ പതിമൂന്നാമൻ മാർപാപ്പ, ഫ്രാൻസിസ് മാർപാപ്പ)

10. പാപമോചനവും രോഗസൗഖ്യവും നൽകി നമ്മുടെ ആത്മശരീരങ്ങൾക്ക് ആരോഗ്യം നൽകുന്ന കൂദാശയാണ്?
(കുമ്പസാരം, വി. കുർബാന, രോഗീലേപനം)

**അനുയോജ്യമായവ ചേർത്തെഴുതുക.**

| | | | |
|---|---|---|---|
| 11. | ശ്ലീഹ | - | മുൻപിൽ വയ്ക്കപ്പെട്ടവൻ |
| 12. | പുരോഹിതൻ | - | കൃപാവരത്തിന്റെ ചാലുകൾ |
| 13. | വിവാഹം | - | അറിയിപ്പുകളുടെ കാലം |
| 14. | സുബാറ | - | സ്നേഹത്തിന്റെ ഉടമ്പടി |
| 15. | കൂദാശകൾ | - | അയയ്ക്കപ്പെട്ടവൻ |

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** 7×2=14

16. സഭയിൽ സന്യാസം ആരംഭിച്ചത് എന്തിന്?

17. വലിയ നോമ്പിന് വി. ഗ്രന്ഥത്തിലുള്ള അടിസ്ഥാനമെന്ത്?

18. വിവാഹമെന്ന കൂദാശയുടെ രണ്ടു ലക്ഷ്യങ്ങൾ?

19. ദൈവജനത്തിന്റെ പൊതുപൗരോഹിത്യം എന്താണ്?

20. സൗഖ്യദായക കൂദാശകളേവ?

21. കല്ലറയുടെ പ്രതീകമായി മാമ്മോദീസ തൊട്ടിയെ കണക്കാക്കുന്നത് ഏത് അർത്ഥത്തിലാണ്?

22. സഭയുടെ ആരാധനാജീവിതം മുഴുവനും എന്തിനു ചുറ്റുമാണ് ഭ്രമണം ചെയ്യുന്നത്?

**മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** 4×4=16

23. മംഗളവാർത്തക്കാലത്ത് നാം ധ്യാനിക്കുന്ന ഏതെങ്കിലും നാല് കാര്യങ്ങൾ ഏവ?

24. വിവാഹമെന്ന കൂദാശയിലൂടെ ലഭിക്കുന്ന കൃപവരങ്ങൾ ഏവ?

25. പ്രവേശക കൂദാശകളേവ? എന്തുകൊണ്ടാണ് പ്രവേശക കൂദാശകൾ മൂന്നും ഒരുമിച്ച് നൽകിയിരുന്നത്?

26. സന്യാസം സഭയിലും സഭയ്ക്കുവേണ്ടിയുമാണ്. വ്യക്തമാക്കുക.

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.** 1×5=5

27. "കൂദാശകൾ വിശുദ്ധീകരിക്കുന്ന കർമ്മങ്ങളാണ്."

**രണ്ടു പേജിൽ കവിയാതെ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.** 1×10=10

28. അനുരഞ്ജന കൂദാശ ഫലപ്രദമായി സ്വീകരിക്കുന്നതിനുള്ള കാര്യങ്ങളേവ?

*അല്ലെങ്കിൽ*

പൗരോഹിത്യ ധർമ്മങ്ങളേവ? ദൈവവിളി പരിപോഷിപ്പിക്കുവാൻ നമുക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കും?

## പാർട്ട് 2

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** 3×1=3

29. സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ച മാർപാപ്പ.

30. കേരളത്തിലെ ആദ്യത്തെ കർദ്ദിനാൾ.

31. സീറോ മലബാർ സഭ എന്ന വാക്കിലെ സീറോ എന്തിനെ സൂചിപ്പിക്കുന്നു?

**ഉത്തരമെഴുതുക.** 2×3=6

32. സാഹിത്യരംഗത്ത് ക്രൈസ്തവരുടെ ഏതെങ്കിലും മൂന്നു സംഭാവനകൾ എഴുതുക.

33. വി. പൗലോസ് ശ്ലീഹായുടെ മാനസാന്തരം.

**ഖണ്ഡികയിൽ ഉത്തരമെഴുതുക.** 1×4=4

34. ഇന്ത്യൻ സ്വാതന്ത്ര്യ സമരവും ക്രൈസ്തവ പങ്കാളിത്തവും.

35. മനസ്താപ പ്രകരണം. 5

36. കാരുണ്യപ്രവർത്തികൾ (ശാരീരികങ്ങൾ) രണ്ടെണ്ണം എഴുതുക. 2